(ബി) ഇതുവരെയായി എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചുവെന്നും പഠനം പൂർത്തിയാക്കി പദ്ധതിയുടെ രൂപരേഖ എപ്പോഴേക്ക് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS പുനെ പഠനം നടത്തിവരികയാണ്. ഇതിനായി Tidal details, Current data, Salinity, Suspended Sediments തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ച് വരികയാണ്.

(ബി) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 36,59,804 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 2,32,194 രൂപ, മാതൃകാപഠനം 34,27,610 രൂപ CWPRS-ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന മാത്രമേ നടത്തുവാൻ കഴിയൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ചുമാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS-ൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ-നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിനുശേഷമേ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

136 (140) കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ, സംസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നടപ്പാക്കുന്നതിന് മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാം ; ആയത് അടങ്ങിയ രേഖകൾ ലഭ്യമാക്കാമോ ;

(ബി) വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭിക്കുന്നതിന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലുണ്ടായിരുന്ന തടസ്സങ്ങൾ എന്തെല്ലാം ; ഇത് മാറ്റി കിട്ടുന്നതിന് അദാനി പോർട്ട്സും സംസ്ഥാന സർക്കാരും സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിന് പ്രസിദ്ധീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളുടേയും രേഖ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്ര സർക്കാർ 200 കോടിയിൽ കൂടുതൽ തുകയുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുവദിക്കുന്നത് മൂന്ന് ഘട്ടങ്ങളിലൂടെയാണ്. ഇവ Department of Economic Affairs (DEA)-ലെ അഡീഷണൽ സെക്രട്ടറി ചെയർമാനായ എംപവേർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിപാർശ, അതിന്റെ അടിസ്ഥാനത്തിൽ DEA സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റിയുടെ ശിപാർശ, അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി എടുക്കുന്ന തീരുമാനം എന്നിവയാണ്. മുകളിൽ പറഞ്ഞ രണ്ട് കമ്മിറ്റികളും വി.ജി.എഫ്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന വിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വി.ജി.എഫ്. നിർദ്ദേശത്തിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും സംസ്ഥാന സർക്കാർ അവയിൽ ചിലത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയെ തടസ്സമായി കാണാനാവില്ല. കമ്മിറ്റികൾ നിർദ്ദേശിച്ച മറ്റ ചില മാറ്റങ്ങൾ സംസ്ഥാന സർക്കാർ കമ്മിറ്റികളുമായി നടത്തിയ ചർച്ചകളുടെ ഫലമായി പിന്നീട് വേണ്ടെന്നുവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വി.ജി.എഫ്. അനുമതി പ്രക്രിയയിൽ ബിഡ്ഡേഴ്സ് ഭാഗഭാക്കല്ല. ആയതിനാൽ, അദാനി പോർട്ട്സ് ഉൾപ്പെടെ ഒരു ബിഡ്ഡറിനും വി.ജി.എഫ്. ലഭിക്കുന്നതിനായി ഒരു നടപടിയും സ്വീകരിക്കുക സാധ്യമല്ല. വി.ജി.എഫ്. അനുമതി വ്യവസ്ഥകൾ കണ്സൾട്ടന്റുമാരുമായി തയ്യാറാക്കി നൽകിയിട്ടുള്ള കരടു കരാറിലെ എല്ലാ വ്യവസ്ഥകളും ബിഡ്ഡേഴ്സ് അതേപടി പാലിക്കുവാൻ ബാധ്യസ്ഥരാണ്.

മത്സ്യത്തൊഴിലാളിക്ഷേമത്തിനും കടാശ്വാസത്തിനും മിഷൻ 676 പദ്ധതികൾ

137 (141) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ബെന്നി ബെഹനാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളിക്ഷേമത്തിനും കടാശ്വാസത്തിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.